18/06/2024 ന് ഉച്ചയ്ക്ക് ശേഷം 02.30 മണിക്ക് കണ്ണൂർ ഐ വി ഒ ചേംബറിൽ വെച്ച്ചേർന്ന സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ & ഐ. വി. ഒ -(ഒപ്പ് )

2. നിഷ വി വി -അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD -( ഒപ്പ്)

3. രാജീവ് പി എം-അസിസ്റ്റൻറ് ടൌണ് പ്ലാനർ LSGD Planning--(ഒപ്പ് )

67/06-2024 DT. 18/06/2024 ( ന്യൂ മാഹി ഗ്രാമപഞ്ചായത്ത് )

ഉപജില്ല അദാലത്ത് പോർട്ടലിൽ ശ്രീ മുഹമ്മദ് ഫവാസ്, വലിയ പറമ്പത്ത് ഹൗസ്,( Po) പെരിങ്ങാടി, ന്യൂ മാഹി. എന്നവർ ലഭ്യമാക്കിയ, 2023 നവംബറിൽ ന്യൂ മാഹി ഗ്രാമപഞ്ചായത്തിൽ ഞങ്ങൾ സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതി അപേക്ഷ, ഗ്രാമപഞ്ചായത്ത് ഓവർസിയർ കണ്ടെത്തിയ അപാകത കാരണം നിലവിൽ തീർപ്പാക്കാതെ കിടക്കുകയാണെന്നും ആയതിനാൽ പെർമിറ്റ് അനുവദിച്ചു തരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് തരണമെന്ന പരാതി അദാലത്ത് സമിതിയുടെ 31/05/2024 ലെ യോഗത്തിൽ പരിഗണിക്കുകയും ടി പരാതിയിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആവശ്യമെങ്കിൽ സ്ഥലം നേരിൽ പരിശോധിച്ചു കൊണ്ടും മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കമ്മിറ്റി വിലയിരുത്തുകയും ആയതിനാൽ ടി പരാതിയിൽ തീരുമാനമെടുക്കുന്നതിനായി അടുത്ത കമ്മിറ്റിയിലേക്ക് മാറ്റിവയ്ക്കുന്നതിന് വേണ്ടി തീരുമാനിക്കുകയും ചെയ്തതിൻറെ അടിസ്ഥാനത്തിൽ 12/06/2024 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഫയൽ പരിശോധിക്കുകയും അപേക്ഷകന്റെ പ്രതിനിധി LBS എന്നിവരെ നേരിൽ കേൾക്കുകയും 13/06/2024 ന് സ്ഥലം നേരിട്ട് പരിശോധിച്ചതിൽ നിന്നും ചുവടെ രേഖപ്പെടുത്തുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടു .

1. ടി വാണിജ്യ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നമ്പർ A3-BA (238628)/2022 dt.19/07/2022 പ്രകാരം ശ്രീ മുഹമ്മദ് ഫവാസ്. വി പി എന്നവർക്ക് ഗ്രൗണ്ട് ഫ്ലോർ 74.31 ച. മീ, ഫസ്റ്റ് ഫ്ലോർ 89.30 ച.മീ, സ്റ്റെയർകെയ്സ് 17.44 ച. മീ. വരുന്ന വാണിജ്യ കെട്ടിടത്തിന് അനുമതി നൽകിയിട്ടുണ്ട്.
2. 07/12/2023 ന് 4959/2023 നമ്പർ പ്രകാരമുള്ള കെട്ടിട പൂർത്തീകരണ അപേക്ഷയിൽ, 401070/BABC06/GENERAL/2023/4959/(1) പ്രകാരം (1). സെറ്റ് ബാക്ക് രേഖപ്പെടുത്തിയതിൽ അപാകതയുണ്ട്, (2). അധിക നിർമ്മാണം-2m2,(3). സ്റ്റെയർകേസ് ചട്ടം 35 (1)(3) പാലിക്കുന്നില്ല, (4).ടൂവീലർ പാർക്കിംഗ് സ്ഥലം കാണിച്ചിട്ടില്ല, (5). ഫോർവീലർ പാർക്കിംഗ്, ഡിസേബിൾഡ് പാർക്കിംഗ് കാണിച്ചിട്ടില്ല ചട്ടം 29 (8) പാലിക്കുന്നില്ല. പാർക്കിംഗ് കാൽക്കുലേഷൻ സമർപ്പിക്കുക, (6). കെട്ടിടം 220 (ബി) പാലിക്കുന്നില്ല, (7). വേസ്റ്റ് പിറ്റ് rwh pit എന്നിവയും 220 (ബി) പാലിക്കുന്നില്ല, (8). പഞ്ചായത്ത് റോഡിൽ നിന്നും ചട്ടം 23 പാലിക്കുന്നില്ല, (9.) toilet, ramp എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. (10). RWH ടാങ്ക് നിർമ്മിച്ചിട്ടില്ല. എന്നീ അപാകതകൾ കാണിച്ച് ആയത് പരിഹരിച്ച് അപേക്ഷ പുനസമർപ്പിച്ചാൽ മാത്രമേ

പൂർത്തീകരണ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കാണിച്ച് സെക്രട്ടറി അപേക്ഷകന് നോട്ടീസ് അയച്ചിട്ടുണ്ട്.

3. അപേക്ഷകൻ പരാതിയിൽ സൂചിപ്പിച്ച വിഷയങ്ങൾ പരിശോധിച്ചതിൽ,സ്ഥലത്ത് തറനില, ഒന്നാം നില, സ്റ്റെയർകേസ് റൂം നിർമ്മാണം ഫസ്റ്റ് ഫ്ലോറിൽ ഫ്ലോറിങ് റോളിംഗ് ഷട്ടർ ഒഴികെയുള്ള സ്ട്രക്ച്ചറൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിർമ്മാണം കെപിബിആർ 2019 ചട്ടം 23 (2)–( റോഡിൽ നിന്നും കെട്ടിടത്തിലേക്കുള്ള അകലം മൂന്ന മീറ്റർ വേണ്ടത്, കിഴക്ക് വശത്തുള്ള വാട്ടർ ടാങ്കിലേക്കുള്ള റോഡിൽ നിന്നും രണ്ട് മീറ്റർ വേണ്ടത്), 26 (4)–( ഫ്രണ്ട് യാർഡ് ,സൈഡ് യാർഡ് ), 35(1)(3)–(സ്റ്റെയർകേസിന്റെ റൈസർ), 29(3) (പാർക്കിംഗ്) ,കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി, എന്നിവ ലംഘിക്കുന്നതായി കാണുന്നു. കൂടാതെ നോട്ടീസിൽ കാണിച്ച മറ്റ് അപാകതകളും നിലനിൽക്കുന്നതായും കാണുന്നു.

മേൽ വസ്തുതകളിൽ നിന്നും സെക്രട്ടറി നോട്ടീസിൽ കാണിച്ച അപാകതകൾ പരിഹരിച്ചാൽ മാത്രമേ കെട്ടിട പൂർത്തീകരണ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കമ്മിറ്റി നിരീക്ഷിച്ചു. ആയത് നേരിൽ കേട്ട സമയത്ത് അപേക്ഷകന്റെ പ്രതിനിധി, എൽബിഎസ് എന്നിവരെ അറിയിക്കുകയും, സൈറ്റ് പരിശോധനയിൽ എൽബിഎസിനെ ആയത് ബോധ്യപ്പെടുത്തികൊടുക്കുകയും ചെയ്തിട്ടുണ്ട്. ടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു

അടുത്ത യോഗം 27/06/2024 ന് ചേരുന്നതിനു തീരുമാനിച്ചുകൊണ്ടു യോഗം വൈകു.03.30 മണിക്ക് അവസാനിച്ചു

// ശരിപ്പകർപ്പ് //

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002